# മധുരമായ കുട്ടികളേ - ഈ പഴയ ലോകത്തിൽ അല്പകാല ക്ഷണഭംഗുര സുഖമാണുള്ളത്, ഇത് കൂടെ വരില്ല, കൂടെ വരുന്നത് അവിനാശീ ജ്ഞാനരത്നങ്ങളാണ്, അതിനാൽ അവിനാശിയായ സമ്പാദ്യം ശേഖരിക്കൂ.

**ചോദ്യം :-** ബാബയുടെ പഠിപ്പിൽ നിങ്ങളെ ഏതൊരു വിദ്യയാണ് പഠിപ്പിക്കാത്തത്?
**ഉത്തരം :-** ഭൂതവിദ്യ. ആരുടെയെങ്കിലും സങ്കല്പങ്ങളെ വായിക്കുക, ഇത് ഭൂതവിദ്യയാണ്, നിങ്ങളെ ഈ വിദ്യ പഠിപ്പിക്കുന്നില്ല. ബാബ ചിന്തകളെ വായിക്കുന്നയാളല്ല. ബാബ എല്ലാം അറിയുന്നയാളാണ് അർത്ഥം ജ്ഞാനസാഗരനാണ് എന്നതാണ്. ബാബ വരുന്നത് നിങ്ങളെ ആത്മീയ പഠിപ്പ് പഠിപ്പിക്കാനാണ്, ഈ പഠിപ്പിലൂടെ നിങ്ങൾക്ക് 21 ജന്മങ്ങളിലേയ്ക്ക് വിശ്വരാജ്യ അധികാരം പ്രാപ്തമാകുന്നു.

**ഓം ശാന്തി.** ഭാരതത്തിൽ ഭാരതവാസികൾ പാടാറുണ്ട് ആത്മാവും പരമാത്മാവും ഒരുപാട് കാലം വേറിട്ടിരുന്നു... ഇപ്പോൾ കുട്ടികൾക്ക് അറിയാം നമ്മൾ ആത്മാക്കളുടെ അച്ഛൻ പരമപിതാ പരമാത്മാവ് നമുക്ക് രാജയോഗം പഠിപ്പിച്ചുതരുകയാണ്. തന്റെ പരിചയം നൽകുകയാണ് മാത്രമല്ല സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ പരിചയവും നൽകുന്നു. ചിലർ പക്കാ നിശ്ചയബുദ്ധികളാണ്, ചിലർ കുറവും, നമ്പർവൈസ് ആണല്ലോ. കുട്ടികൾക്ക് അറിയാം നാം ജീവാത്മാക്കൾ പരമപിതാ പരമാത്മാവിന്റെ സന്മുഖത്ത് ഇരിക്കുകയാണ്. ആത്മാക്കളും പരമാത്മാവും ഒരുപാടുകാലം വേറിട്ടിരുന്നു എന്ന് പാടാറുണ്ട്. ആത്മാക്കൾ മൂലവതനത്തിൽ ഇരിക്കുമ്പോൾ വേറിട്ടിരിക്കുന്ന കാര്യമേയില്ല. ഇവിടെ വരുന്നതിലൂടെ ജീവാത്മാവാകുന്നു അപ്പോഴാണ് ബാബയിൽ നിന്നും സർവ്വ ആത്മാക്കളും വേറിടുന്നത്. പരമപിതാ പരമാത്മാവിൽ നിന്നും വേറിട്ട് ഇവിടെ പാർട്ട് അഭിനയിക്കാൻ വരുന്നു. മുമ്പാണെങ്കിൽ അർത്ഥമില്ലാതെ ഇങ്ങനെ പാടിക്കൊണ്ടിരുന്നു. ഇപ്പോഴാണെങ്കിൽ ബാബ ഇരുന്ന് മനസ്സിലാക്കിത്തരുകയാണ്. കുട്ടികൾക്ക് അറിയാം നമ്മൾ പരമപിതാ പരമാത്മാവിൽ നിന്നും വേറിട്ട് ഇവിടെ പാർട്ട് അഭിനയിക്കാൻ വരുന്നു. നിങ്ങളാണ് ആദ്യമാദ്യം വേർപിരിഞ്ഞത് അതിനാൽ ശിവബാബ ആദ്യമാദ്യം കാണുന്നതും നിങ്ങളെയാണ്. നിങ്ങൾക്കുവേണ്ടിയാണ് ബാബയ്ക്ക് വരേണ്ടിവരുന്നത്. കല്പം മുമ്പ് ഈ കുട്ടികളെത്തന്നെയാണ് പഠിപ്പിച്ചത് പിന്നീട് അവർ സ്വർഗ്ഗത്തിന്റെ അധികാരികളായി. ആ സമയത്ത് മറ്റൊരു ഖണ്ഢവും ഉണ്ടായിരുന്നില്ല. കുട്ടികൾക്ക് അറിയാം നമ്മൾ ആദി സനാതന ദേവീദേവതാ ധർമ്മത്തിലേതായിരുന്നു അതിനെയാണ് ദൈവീക ധർമ്മം, ദൈവീക കുലം എന്ന് പറയുന്നത്. ഓരോരുത്തർക്കും അവരവരുടെ ധർമ്മമുണ്ടാകും. ധർമ്മമാണ് ശക്തി എന്നു പറയാറുണ്ട്. ധർമ്മത്തിന് ശക്തിയുണ്ടാകും. നിങ്ങൾ കുട്ടികൾക്ക് അറിയാം ഈ ലക്ഷ്മീ നാരായണന്മാർ എത്ര ശക്തിശാലികളായിരുന്നു. ഭാരതവാസികൾക്ക് തന്റെ ധർമ്മത്തെത്തന്നെ അറിയില്ല. ഭാരതത്തിൽ ഇവരുടെ തന്നെ ധർമ്മമാണ് ഉണ്ടായിരുന്നത് എന്നത് ആരുടെ ബുദ്ധിയിലും വരുന്നില്ല. ധർമ്മത്തെ അറിയാത്തതിനാൽ അധാർമ്മികരായി മാറി. ധർമ്മത്തിലേയ്ക്ക് വരുന്നതിലൂടെ നിങ്ങളിൽ എത്ര ശക്തിയുണ്ടാകുന്നു. നിങ്ങൾ കലിയുഗമാകുന്ന പർവ്വതത്തെ എടുത്തുമാറ്റി സ്വർണ്ണിമയുഗമാക്കുന്നു. ഭാരതത്തെ സ്വർണ്ണം കൊണ്ടുള്ള പർവ്വതമാക്കി മാറ്റുന്നു. അവിടെ ഖനികളിൽ അളവില്ലാത്ത സ്വർണ്ണം നിറഞ്ഞിട്ടുണ്ടാകും. സ്വർണ്ണത്തിന്റെ പർവ്വതമുണ്ടാകും പിന്നീട് അത് തുറക്കും. അതിനെ മുറിച്ച് സ്വർണ്ണം കൊണ്ടുള്ള ഇഷ്ടിക നിർമ്മിക്കും. കൊട്ടാരം വലിയ ഇഷ്ടികകൊണ്ടല്ലേ നിർമ്മിക്കുക. മായാമഛന്ദറിന്റെ കളിയും കാണിക്കാറുണ്ടല്ലോ. അതെല്ലാം കഥകളാണ്. ബാബ പറയുന്നു ഇവ എല്ലാത്തിന്റെയും സാരമാണ് ഞാൻ നിങ്ങളെ കേൾപ്പിക്കുന്നത്. കാണിക്കുന്നു സാക്ഷാത്ക്കാരത്തിൽ നോക്കിയപ്പോൾ നമ്മൾ സഞ്ചി നിറച്ചു കൊണ്ടുപോകുന്നു, ധ്യാനത്തിൽ നിന്നും താഴെ ഇറങ്ങിയപ്പോൾ ഒന്നുമില്ല. നിങ്ങൾക്കും ഇങ്ങനെ സംഭവിക്കുന്നു. ഇതിനെയാണ് ദിവ്യദൃഷ്ടി എന്നു പറയുന്നത്. ഇതിൽ ഒന്നുമില്ല. തീവ്ര ഭക്തി ഒരുപാടുപേർ ചെയ്യുന്നുണ്ട്. ആ ഭക്തരുടെ മാല വേറെയാണ്, ഈ ജ്ഞാനത്തിന്റെ മാല വേറെയാണ്. രുദ്രമാലയും വിഷ്ണുവിന്റെ മാലയും ഉണ്ടല്ലോ. അത് പിന്നീട് ഭക്തരുടെ മാലയാണ്. ഇപ്പോൾ നിങ്ങൾ രാജധാനിക്കായി പഠിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങളുടെ ബുദ്ധിയോഗം ടീച്ചറോടും രാജധാനിയോടുമാണ്. കോളേജിൽ പഠിക്കുമ്പോൾ ബുദ്ധിയോഗം ടീച്ചറുമായിട്ടായിരിക്കും. ബാരിസ്റ്റർ സ്വയം പഠിപ്പിച്ച് തനിക്കുസമാനമാക്കി മാറ്റുന്നു. ഇവിടെ ബാബ സ്വയം ആവുന്നില്ല. ഇത് ഇവിടുത്തെ അത്ഭുതമാണ്. ഇത് നിങ്ങളുടെ ആത്മീയ പഠിപ്പാണ്. നിങ്ങളുടെ ബുദ്ധിയോഗം ശിവബാബയുമായിട്ടാണ്, ബാബയെതന്നെയാണ് ജ്ഞാനസാഗരൻ, നോളേജ്ഫുൾ എന്നു പറയുന്നത്. എല്ലാം അറിയുന്നയാളാണ് എന്നതിന് അർത്ഥം ബാബ ഇരുന്ന് എല്ലാവരുടെയും മനസ്സിൽ എന്താണ് നടക്കുന്നത് എന്നത് അറിയുന്നു എന്നതല്ല. ചിന്തയെ വായിക്കാൻ അറിയുന്നവർ എല്ലാം കേൾപ്പിക്കും. അതിനെ ഭൂതവിദ്യ എന്നാണ് പറയുന്നത്. ഇവിടെയാണെങ്കിൽ ബാബ മനുഷ്യനിൽ നിന്നും ദേവതയായി മാറുന്നതിനായി പഠിപ്പിക്കുകയാണ്. മനുഷ്യനിൽ നിന്നും ദേവതയാക്കി.... എന്ന്

മഹിമയുമുണ്ട് ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നുണ്ട് നമ്മളിപ്പോൾ ബ്രാഹ്മണരായിരിക്കുന്നു അടുത്ത ജന്മത്തിൽ ദേവതയായി മാറും. ആദി സനാതന ദേവീ ദേവതാധർമ്മം എന്നാണ് പാടുന്നത്. ശാസ്ത്രങ്ങളിലാണെങ്കിൽ അനവധി കഥകൾ എഴുതിയിട്ടുണ്ട്. ഇവിടെയാണെങ്കിൽ ബാബ നേരിട്ട് ഇരുന്ന് പഠിപ്പിക്കുകയാണ്.

ഭഗവാന്റെ വാക്കുകളാണ് - ഭഗവാൻ തന്നെയാണ് ജ്ഞാന സാഗരൻ, സുഖ സാഗരൻ, ശാന്തിയുടെ സാഗരൻ. നിങ്ങൾ കുട്ടികൾക്ക് സമ്പത്ത് നൽകുകയാണ്. ഈ പഠിപ്പ് നിങ്ങളുടെ 21 ജന്മങ്ങളിലേയ്ക്കുള്ള താണ്. എങ്കിൽ എത്ര നല്ലരീതിയിൽ പഠിക്കണം. ഈ ആത്മീയ പഠിപ്പ് ബാബ ഒരു തവണ മാത്രമാണ് വന്ന് പുതിയ ലോകത്തിന്റെ സ്ഥാപനയ്ക്കായി പഠിപ്പിക്കുന്നത്. പുതിയ ലോകത്തിൽ ഈ ദേവീ ദേവന്മാരുടെ രാജ്യമുണ്ടായിരുന്നു. ബാബ പറയുന്നു ഞാൻ ബ്രഹ്മാവിലൂടെ ആദി സനാതന ദേവീദേവതാ ധർമ്മത്തിന്റെ സ്ഥാപന ചെയ്യുകയാണ്. എപ്പോഴാണോ ഈ ധർമ്മമുണ്ടായിരുന്നത് അപ്പോൾ മറ്റൊരു ധർമ്മവും ഉണ്ടാ യിരുന്നില്ല. ഇപ്പോൾ ബാക്കി എല്ലാ ധർമ്മങ്ങളുമുണ്ട് അതിനാൽ ത്രിമൂർത്തിയെക്കുറിച്ചും നിങ്ങൾ മനസ്സി ലാക്കിക്കൊടുക്കുന്നു- ബ്രഹ്മാവിലൂടെ ഒരു ധർമ്മത്തിന്റെ സ്ഥാപനയുണ്ടാകുന്നു. ഇപ്പോൾ ആ ധർമ്മം തന്നെയില്ല. ഞാൻ നിർഗുണനാണ് എന്നിൽ ഒരു ഗുണവുമില്ല, അങ്ങുതന്നെ ദയകാണിക്കൂ... എന്ന് പാടു ന്നുണ്ട്, എന്നിൽ ഒരു ഗുണവുമില്ല എന്നു പറയുമ്പോൾ ബുദ്ധി ഗോഡ് ഫാദറിന്റെ അടുത്തേയ്ക്കുതന്നെ യാണ് പോകുന്നത്, ബാബയെത്തന്നെയാണ് ദയാഹൃദയൻ എന്നും പറയുന്നത്. ബാബ വരുന്നതുതന്നെ കുട്ടികളുടെ മുഴുവൻ ദുഃഖത്തേയും ഇല്ലാതാക്കി 100 ശതമാനം സുഖം നൽകാനാണ്. എത്ര ദയ കാണി ക്കുന്നു. നിങ്ങൾ മനസ്സിലാക്കുന്നുണ്ട് നാം ബാബയുടെ അടുത്തേയ്ക്ക് വന്നിരിക്കുകയാണ് അതിനാൽ ബാബയിൽ നിന്നും പൂർണ്ണ സുഖം എടുക്കണം. അത് സുഖധാമമാണ്, എന്നാൽ ഇത് ദുഃഖധാമമാണ്. ഈ ചക്രത്തേയും നല്ലരീതിയിൽ മനസ്സിലാക്കണം. ശാന്തിധാമത്തേയും സുഖധാമത്തേയും ഓർമ്മിക്കൂ എങ്കിൽ അന്തിമ ബുദ്ധി പോലെ ഗതിയുണ്ടാകും. ശാന്തിധാമത്തെ ഓർമ്മിക്കുകയാണെങ്കിൽ തീർച്ചയായും ശരീരം ഉപേക്ഷിക്കേണ്ടതായി വരും എങ്കിലേ ആത്മാക്കൾക്ക് ശാന്തിധാമത്തിലേയ്ക്ക് പോകാൻ സാധിക്കൂ. ഒരു ബാബയെ അല്ലാതെ മറ്റാരെയും ഓർമ്മ വരരുത്. ലൈൻ പൂർണ്ണമായും ക്ലിയറായിരിക്കണം. ഒരു ബാബയെ ഓർമ്മിക്കുന്നതിലൂടെ സന്തോഷത്തിന്റെ അതിര് കവിയും. ഈ പഴയ ലോകത്തിലാണെങ്കിൽ ക്ഷണനേരംകൊണ്ട് ഇല്ലാതാകുന്ന അല്പകാലത്തിലെ സുഖമാണ്. ഇത് കൂടെ വരില്ല. കൂടെ വരുന്നത് ഈ അവിനാശീ ജ്ഞാനരത്നങ്ങളാണ്. അതായത് ഈ ജ്ഞാനരത്നങ്ങളുടെ സമ്പാദ്യം കൂടെ വരും പിന്നീട് നിങ്ങൾ ഇതിന്റെ പ്രാലബ്ധം 21 ജന്മം അനുഭവിക്കും. ബാക്കി, ആരാണോ ബാബയെ സഹായി ക്കുന്നത് അവരുടെ കൂടെയാണ് അവിനാശീ ജ്ഞാനരത്നങ്ങൾ പോകുക. ബാബാ ഞങ്ങളുടേയും കക്ക കളെ സ്വീകരിച്ച് അവിടെ കൊട്ടാരം നൽകണേ. ബാബ കക്കകൾക്കു പകരം എത്ര രത്നങ്ങൾ നൽകുന്നു. അമേരിക്കക്കാരെപ്പോലെയാണ്, അവർ വളരെ അധികം രൂപ ചിലവാക്കി പഴയ പഴയ സാധനങ്ങൾ വാങ്ങി ക്കും. പഴയ സാധനങ്ങൾക്ക് മനുഷ്യർ ഒരുപാട് വില നൽകുന്നു. കാലണയുടെ സാധനത്തിന് അമേരിക്ക ക്കാരിൽ നിന്ന് ആയിരങ്ങൾ വാങ്ങുന്നു. ബാബയും എത്ര നല്ല ഉപഭോക്താവാണ്. നിഷ്കളങ്കനായ നാഥൻ എന്ന് പാടിയിട്ടുണ്ടല്ലോ. മനുഷ്യർക്ക് ഇതുപോലും അറിയില്ല, അവരാണെങ്കിൽ ശിവനും ശങ്കരനും ഒന്നാ ണെന്നാണ് പറയുന്നത്. ശങ്കരനോട് സഞ്ചി നിറച്ചുതരാൻ പറയുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സി ലാക്കുന്നുണ്ട് നമുക്ക് ജ്ഞാനരത്നങ്ങൾ ലഭിക്കുകയാണ്, ഇതിലൂടെ നമ്മുടെ സഞ്ചി നിറയുന്നു. ഇതാണ് പരിധിയില്ലാത്ത അച്ഛൻ. അവർ പിന്നീട് ശങ്കരനെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത് പിന്നെ കാണിക്കുന്നു- ലഹരി പിടിച്ച് നടക്കുകയാണ്, കള്ള് കുടിക്കും എന്നെല്ലാം. എന്തെല്ലാം കാര്യങ്ങളാണ് ഇരുന്ന് ഉണ്ടാക്കി യിരിക്കുന്നത്! നിങ്ങൾ കുട്ടികൾ ഇപ്പോൾ സദ്ഗതിയ്ക്കായി പഠിപ്പ് പഠിക്കുകയാണ്. ഈ പഠിപ്പ് പൂർണ്ണ മായും ശാന്തമായി ഇരിക്കുന്നതിനുള്ളതാണ്. ഈ വിളക്കുകൾ കത്തിക്കുന്നതും ഷോ കാണിക്കുന്നതു മെല്ലാം ഇതിനുവേണ്ടിയാണ് അതായത് മനുഷ്യർ വന്ന് ചോദിക്കണം നിങ്ങൾ ശിവജയന്തി ഇത്ര ഗംഭീര മായി ആഘോഷിക്കുന്നത് എന്തിനാണ്? ഭാരതത്തെ ധനവാനാക്കി മാറ്റുന്നത് ശിവൻ തന്നെയല്ലേ. ഈ ലക്ഷ്മീ നാരായണന്മാരെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റിയത് ആരാണ്- ഇത് നിങ്ങൾക്ക് അറിയാം. ഈ ലക്ഷ്മീ നാരായണന്മാർ മുൻ ജന്മത്തിൽ ആരായിരുന്നു? ഇവർ മുൻ ജന്മത്തിൽ ജഗദംബ ജ്ഞാന ജ്ഞാനേശ്വരിയായിരുന്നു പിന്നീട് രാജരാജേശ്വരിയായി മാറും. ഇപ്പോൾ ആരുടെ പദവിയാണ് വലുത്? നോക്കുമ്പോൾ ഇവർ സ്വർഗ്ഗത്തിന്റെ അധികാരികളാണ്. ജഗദംബ എന്തിന്റെ അധികാരിയായിരുന്നു? ഇവ രുടെ അടുത്തേയ്ക്ക് എന്തുകൊണ്ടാണ് പോകുന്നത്? ബ്രഹ്മാവിന് 100 കൈകൾ, 200 കൈകൾ, 1000 കൈകൾ ഉള്ളതായാണ് കാണിക്കുന്നത്. എത്ര കുട്ടികൾ ഉണ്ടാകുന്നുവോ അതിന് അനുസരിച്ച് കൈകൾ വർദ്ധിക്കുന്നു. ജഗദംബയ്ക്കും ലക്ഷ്മിയേക്കാൾ കൂടുതൽ കൈകൾ കാണിക്കുന്നു, ജഗദമ്പയുടെ അടു ത്തുചെന്നാണ് എല്ലാം ചോദിക്കുന്നത്. വളരെ അധികം ആഗ്രഹങ്ങളുമായി പോകുന്നു- കുട്ടിയെ വേണം, അത് വേണം... ലക്ഷ്മിയുടെ അടുത്തേയ്ക്ക് ഇത്തരം ആഗ്രഹങ്ങളുമായി പോകാറില്ല. ലക്ഷ്മി സമ്പത്ത്

മാത്രമാണ്. ജഗദംബയിൽ നിന്നാണെങ്കിൽ സ്വർഗ്ഗത്തിന്റെ ചക്രവർത്തീ പദവി ലഭിക്കുന്നു. ജഗദംബയിൽ നിന്നും എന്താണ് ആവശ്യപ്പെടേണ്ടത്– എന്നതുപോലും ആർക്കും അറിയില്ല. ഇത് പഠിപ്പല്ലേ. ജഗദംബ എന്താണ് പഠിപ്പിക്കുന്നത്? രാജയോഗം. ഇതിനെ ബുദ്ധിയോഗം എന്നാണ് പറയുന്നത്. നിങ്ങളുടെ ബുദ്ധി ഇപ്പോൾ എല്ലാത്തിൽ നിന്നും വേർപെട്ട് ഒരു ബാബയിൽ മുഴുകുന്നു. ബുദ്ധി അനേകം ഭാഗങ്ങളിലേയ്ക്ക് പായുമല്ലോ. ഇപ്പോൾ ബാബ പറയുന്നു എന്നോടു ബുദ്ധിയോഗം വെയ്ക്കൂ, ഇല്ലെങ്കിൽ വികർമ്മം വിനാശമാകില്ല അതിനാലാണ് ബാബ ഫോട്ടോ എടുക്കുന്നതുപോലും നിരോധിക്കുന്നത്. ഇത് ഇദ്ദേഹത്തിന്റെ ശരീരമല്ലേ.

ബാബ സ്വയം ദല്ലാളായി പറയുകയാണ് ഇപ്പോൾ നിങ്ങളുടെ ഈ ആയുധങ്ങളെല്ലാം ക്യാൻസൽ ചെയ്യൂ. കാമചിതയിൽ നിന്നും എഴുന്നേറ്റ് ജ്ഞാനചിതയിൽ ഇരിക്കൂ. കാമചിതയിൽ നിന്നും എഴുന്നേൽക്കൂ. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി പിതാവായ എന്നെ ഓർമ്മിക്കൂ എങ്കിൽ വികർമ്മം വിനാശമാകും. മറ്റൊരു മനുഷ്യനും ഇങ്ങനെ പറയാൻ സാധിക്കില്ല. മനുഷ്യനെ ഭഗവാൻ എന്നും പറയാൻ സാധിക്കില്ല. നിങ്ങൾ കുട്ടികൾക്ക് അറിയാം ബാബ തന്നെയാണ് പതിതപാവനൻ. ബാബ തന്നെയാണ് വന്ന് കാമചിതയിൽ നിന്ന് എടുത്ത് ജ്ഞാനചിതയിൽ ഇരുത്തുന്നത്. അതാണ് ആത്മീയ പിതാവ്. ബാബ ഇദ്ദേഹത്തിൽ ഇരുന്ന് പറയുന്നു നിങ്ങളും ആത്മാവാണ്, മറ്റുള്ളവരേയും ഇതുതന്നെ പറഞ്ഞ് മനസ്സിലാക്കിക്കൂ. ബാബ പറയുന്നു – മന്മനാഭവ. മന്മനാഭവ എന്നു പറയുമ്പോൾ തന്നെ ഓർമ്മ വരും. ഈ പഴയ ലോകത്തിന്റെ വിനാശവും മുന്നിൽ നിൽക്കുന്നു. ബാബ മനസ്സിലാക്കിത്തരുന്നു ഇതാണ് വളരെ വലിയ മഹാഭാരത യുദ്ധം. പറയും യുദ്ധം വിദേശത്തും ഉണ്ടാകുന്നുണ്ടല്ലോ എന്നിട്ടും ഇതിനെ മഹാഭാരതയുദ്ധം എന്ന് എന്തുകൊണ്ടാണ് പറയുന്നത്? ഭാരതത്തിലാണ് യജ്ഞം രചിച്ചിരിക്കുന്നത്. ഇതിൽ നിന്നാണ് വിനാശത്തിന്റെ ജ്വാല ഉയരുന്നത്. നിങ്ങൾക്കുവേണ്ടി പുതിയ ലോകം വേണമെങ്കിൽ മധുരമായ കുട്ടികളേ പഴയ ലോകത്തിന്റെ വിനാശം തീർച്ചയായും സംഭവിക്കണം. അതിനാൽ ഈ യുദ്ധത്തിന്റെ ആരംഭം ഇവിടെ നിന്നാണ്. ഈ രുദ്രജ്ഞാന യജ്ഞത്തിൽ നിന്നും മഹാഭാരതയുദ്ധം, വിനാശത്തിന്റെ ജ്വാല പ്രജ്ജ്വലിതമാകും. തീർച്ചയായും ശാസ്ത്രങ്ങളിൽ ഇത് എഴുതിവെച്ചിട്ടുണ്ട് എന്നാൽ എല്ലാവരും ഇത് അറിയില്ല എന്ന് പറയുന്നു. ഇപ്പോൾ പുതിയ ലോകത്തിനുവേണ്ടി ബാബ മനസ്സിലാക്കിത്തരികയാണ്. ഇപ്പോൾ നിങ്ങൾ രാജധാനി നേടുകയാണ്, ദേവീ ദേവതയായി മാറുകയാണ്. നിങ്ങളുടെ രാജ്യത്തിൽ മറ്റാരും ഉണ്ടാകരുത്. ആസുരീയ ലോകം വിനാശമാകും. ബുദ്ധിയിൽ ഓർമ്മയുണ്ടാകണം – ഇന്നലെ നമ്മൾ രാജ്യം ഭരിച്ചിരുന്നു. ബാബ രാജ്യം നൽകിയിരുന്നു പിന്നീട് നമ്മൾ 84 ജന്മങ്ങൾ എടുത്തുവന്നു. ഇപ്പോൾ വീണ്ടും ബാബ വന്നിരിക്കുകയാണ്. നിങ്ങൾ കുട്ടികളിൽ ഈ ജ്ഞാനമുണ്ടല്ലോ. ബാബ ഈ ജ്ഞാനം നൽകിയിട്ടുണ്ട്. എപ്പോഴാണോ ദൈവീക ധർമ്മത്തിന്റെ സ്ഥാപനയുണ്ടാകുന്നത് അപ്പോൾ മുഴുവൻ ആസുരീയ ലോകത്തിന്റേയും വിനാശമുണ്ടാകും. ബാബയിരുന്ന് ബ്രഹ്മാവിലൂടെ ഇതെല്ലാം മനസ്സിലാക്കിത്തരുകയാണ്. ബ്രഹ്മാവും ശിവന്റെ കുട്ടിയാണ്, വിഷ്ണുവിന്റെ രഹസ്യവും മനസ്സിലാക്കിത്തന്നിട്ടുണ്ട് അതായത് ബ്രഹ്മാവിൽ നിന്നും വിഷ്ണു, വിഷ്ണുവിൽ നിന്നും ബ്രഹ്മാവാകുന്നു. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് നമ്മൾ ബ്രാഹ്മണർ പിന്നീട് ദേവതയായി മാറും ശേഷം 84 ജന്മങ്ങൾ എടുക്കും. ഈ ജ്ഞാനം നൽകുന്നത് ഒരേയൊരു ബാബയാണ് എങ്കിൽ മറ്റേതെങ്കിലും മനുഷ്യനിൽ നിന്നും ഈ ജ്ഞാനം എങ്ങനെ ലഭിക്കും? ഇതിൽ എല്ലാം ബുദ്ധികൊണ്ടുള്ള കാര്യമാണ്. ബാബ പറയുന്നു മറ്റെല്ലാ ഭാഗത്തുനിന്നും ബുദ്ധിയെ വേർപെടുത്തൂ. ബുദ്ധിയാണ് കേടുവരുന്നത്. ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ എങ്കിൽ വികർമ്മം വിനാശമാകും. ഗൃഹസ്ഥവ്യവഹാരത്തിൽ തീർച്ചയായും ഇരുന്നോളൂ. ലക്ഷ്യം മുന്നിലുണ്ട്. അറിയാം നമ്മൾ പഠിച്ച് ഇതായി മാറും. നിങ്ങളുടെ പഠിപ്പ് സംഗമയുഗത്തിലേതാണ്. ഇപ്പോൾ നിങ്ങൾ ഈ ഭാഗത്തുമല്ല, ആ ഭാഗത്തുമല്ല. നിങ്ങൾ പുറത്താണ്. ബാബയെ തോണിക്കാരൻ എന്നും പറയുന്നു, ഞങ്ങളുടെ തോണിയെ അക്കരെയെത്തിക്കൂ എന്ന് പാടുന്നുമുണ്ട്. ഇതിനെക്കുറിച്ച് ഒരു കഥയും ഉണ്ടാക്കിയിട്ടുണ്ട്. ചിലർ മുന്നോട്ട് പോകും, ചിലർ നിന്നുപോകും. ഇപ്പോൾ ബാബ പറയുന്നു – ഞാൻ ഇരുന്ന് ഈ ബ്രഹ്മാമുഖത്തിലൂടെ കേൾപ്പിക്കുകയാണ്. ബ്രഹ്മാവ് എവിടെ നിന്നുവന്നു? പ്രജാപിതാവ് തീർച്ചയായും ഇവിടെയല്ലേ വേണ്ടത്. ഞാൻ ഇദ്ദേഹത്തെ ദത്തെടുക്കുന്നു, പേരും വെയ്ക്കുന്നു. നിങ്ങളും ബ്രഹ്മാമുഖവംശാവലി ബ്രാഹ്മണരാണ്, നിങ്ങൾ കലിയുഗ അന്ത്യത്തിലാണ്, നിങ്ങൾ തന്നെ സത്യയുഗത്തിന്റെ ആരംഭത്തിൽ വരും. നിങ്ങളാണ് ആദ്യമാദ്യം ബാബയിൽ നിന്നും വേർപിരിഞ്ഞ് പാർട്ട് അഭിനയിക്കാൻ വന്നത്. നമ്മളിലും എല്ലാവരേയും പറയാൻ സാധിക്കില്ല. ഇതും മനസ്സിലാകും ആരാണ് പൂർണ്ണമായി 84 ജന്മങ്ങൾ എടുക്കുന്നതെന്ന്! ഈ ലക്ഷ്മീ നാരായണന്മാരുടെ കാര്യം ഗ്യാരന്റിയാണ്. ശ്യാമ സുന്ദരൻ എന്നത് ഇവരെക്കുറിച്ചുള്ള മഹിമയാണ്. ദേവീ ദേവതകൾ സുന്ദരരായിരുന്നു, കറുത്തവരിൽ നിന്നും സുന്ദരന്മാരായി മാറി. ഗ്രാമത്തിലെ ബാലനിൽ നിന്നും മാറി സുന്ദരനായി മാറി, ഈ സമയത്ത് എല്ലാവരും ബാലന്മാരും– ബാലികമാരുമാണ്. ഇത് പരിധിയില്ലാത്ത കാര്യമാണ്, അത് ആർക്കും അറിയില്ല. എത്ര നല്ല–നല്ല കാര്യങ്ങളാണ് മനസ്സിലാക്കിത്തരു

ന്നത്. എല്ലാവർക്കും വേണ്ടിയുള്ള സർജൻ ഒരാൾ തന്നെയാണ്. ഇത് അവിനാശീ സർജനാണ്.

യോഗത്തെ അഗ്നി എന്നാണ് പറയുന്നത് എന്തുകൊണ്ടെന്നാൽ യോഗത്തിലൂടെയാണ് ആത്മാവിലെ അഴുക്ക് ഇളകുന്നത്. യോഗാഗ്നിയിലൂടെ തമോപ്രധാനമായ ആത്മാവ് സതോപ്രധാനമായി മാറുന്നു. അഥവാ അഗ്നി തണുത്തുപോയാൽ അഴുക്ക് ഇളകില്ല. ഓർമ്മയെ യോഗാഗ്നി എന്നാണ് പറയുന്നത്, ഇതിലൂടെ വികർമ്മം വിനാശമാകുന്നു. അതിനാൽ ബാബ പറയുകയാണ് നിങ്ങൾക്ക് എത്രയാണ് മനസ്സിലാക്കിത്തരുന്നത്. ധാരണയും ഉണ്ടാകേണ്ടേ. ശരി മന്മനാഭവ. ഇതിൽ ക്ഷീണിക്കാൻ പാടില്ലല്ലോ. ബാബയെ ഓർമ്മിക്കാൻ തന്നെ മറന്നുപോകുന്നു. പതിമാരുടേയും പതി നിങ്ങളെ ജ്ഞാനം കൊണ്ട് എത്ര അലങ്കരിക്കുന്നു. നിരാകാരനായ ബാബ പറയുന്നു മറ്റെല്ലാത്തിൽ നിന്നും ബുദ്ധിയോഗത്തെ മുറിച്ച് അച്ഛനായ എന്നെ ഓർമ്മിക്കൂ. എല്ലാവരുടേയും അച്ഛൻ ഒരാളാണ്. നിങ്ങളുടെ ഉയരുന്ന കലയാണ് ഇപ്പോൾ ഉണ്ടാകുന്നത്. അങ്ങയിലൂടെയാണ് എല്ലാവരുടേയും മംഗളം എന്ന് പറയാറില്ലേ. ബാബ വന്നിരിക്കുകയാണ് എല്ലാവരുടേയും മംഗളം ചെയ്യാൻ. രാവണനാണെങ്കിൽ എല്ലാവരേയും ദുർഗതിയിലേയ്ക്കാണ് കൊണ്ടുവരുന്നത്, രാമനാണ് എല്ലാവരേയും സദ്ഗതിയിലേയ്ക്ക് കൊണ്ടുവരുന്നത്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ബാബയുടെ ഓർമ്മയിലൂടെ അപാരമായ സുഖത്തിന്റെ അനുഭവം ചെയ്യുന്നതിനായി ബുദ്ധിയുടെ ലൈൻ ക്ലിയറാക്കി വെയ്ക്കൂ. ഓർമ്മ എപ്പോൾ അഗ്നിയുടെ രൂപമാകന്നോ അപ്പോഴേ ആത്മാവ് സതോപ്രധാനമാകൂ.

2) ബാബ കക്കകൾക്കുപകരം രത്നങ്ങൾ നൽകുന്നു. ഇങ്ങനെയുള്ള നിഷ്കളങ്കനായ ബാബയിൽ നിന്നും തന്റെ സഞ്ചി നിറയ്ക്കണം. ശാന്തമായിരിക്കുന്നതിനുള്ള പഠിപ്പ് പഠിച്ച് സദ്ഗതി പ്രാപ്തമാക്കണം.

## വരദാനം : മായയുടെ ബന്ധനത്തിൽ നിന്നും സദാ നിർബന്ധരായിരിക്കുന്നവരായ യോഗയുക്തരും ബന്ധനമുക്തരുമായി ഭവിക്കട്ടെ.

ബന്ധനമുക്തരുടെ അടയാളമാണ് സദാ യോഗയുക്തം. യോഗയുക്തരായ കുട്ടികൾ ഉത്തരവാദിത്വങ്ങളുടെ ബന്ധനത്തിൽ നിന്നും മായുടെ ബന്ധനത്തിൽ നിന്നും മുക്തരായിരിക്കും. മനസ്സിന്റെ പോലും ബന്ധനം ഉണ്ടാവില്ല. ലൗകിക ഉത്തരവാദിത്വങ്ങൾ ഉണ്ടെങ്കിലും അത് കളിയായി അനുഭവപ്പെടും. അതിനാൽ നിർദ്ദേശനുസരണം കളിയുടെ രീതിക്കനുസരിച്ച് ചിരിച്ചുകൊണ്ട് കളിക്കൂ എങ്കിൽ ഒരിക്കലും ചെറിയ ചെറിയ കാര്യങ്ങളിൽ ക്ഷീണിക്കുകയില്ല. അഥവാ ബന്ധനമാണെന്ന് മനസ്സിലാക്കുകയാണെങ്കിൽ ക്ഷീണം അനുഭവപ്പെടും. എന്ത് എന്തുകൊണ്ട് എന്നുള്ള ചോദ്യങ്ങൾ ഉയർന്നു വരും. എന്നാൽ ഉത്തരവാദി ബാബയാണ് താങ്കൾ നിമിത്തമാണ്, ഈ സ്മൃതിയിലൂടെ ബന്ധനമുക്തരായി മാറൂ എങ്കിൽ യോഗയുക്തരായി മാറാൻ സാധിക്കും.

## സ്ലോഗൻ : ചെയ്യുന്നതും ചെയ്യിപ്പിക്കുന്നതുമായ ബാബയുടെ സ്മൃതിയിൽ ഭാരത്തെയും അഭിമാനത്തെയും സമാപ്തമാക്കൂ.

**അവ്യക്ത സൂചന : സത്യതയുടെയും സഭ്യതയുടെയും സംസ്കാരത്തെ സ്വന്തമാക്കൂ.**
അപവിത്രത കേവലം ആർക്കെങ്കിലും ദുഃഖം നൽകുക അഥവാ പാപ കർമ്മം ചെയ്യുക മാത്രമല്ല എന്നാൽ സ്വയത്തിൽ സത്യതയും സ്വച്ഛതയും വിധി പൂർവ്വകവുമാണെന്ന അനുഭവം ചെയ്യുന്നുണ്ടെങ്കിൽ പവിത്രമാണ്. ഏതു പോലെ പഴഞ്ചൊല്ലുണ്ടല്ലോ സത്യത്തിന്റെ തോണി ആടും ഉലയും എന്നാൽ ഒരിക്കലും മുങ്ങുകയില്ല. വിശ്വാസത്തിന്റെ തോണി സത്യതയാണ്, സത്യസന്ധതയുമാണ്, അപ്പോൾ എന്ത് ഇളക്കങ്ങൾ ഉണ്ടാകുകയാണെങ്കിലും ഒരിക്കലും മുങ്ങുകയില്ല. അതിനാൽ സത്യതയുടെ ധൈര്യത്തിൽ പരമാത്മപ്രത്യക്ഷതയ്ക്ക് നിമിത്തമായി മാറൂ.